**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5213** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഓർഫനേജ് കൺട്രോൾ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.വി.അൻവർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ നിലവിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളാണുള്ളത്; വ്യക്തമാക്കാമോ; | (എ) | കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ, യാചക മന്ദിരം, വികലാംഗ സദനങ്ങൾ, മാനസിക രോഗ പുനരധിവാസ കേന്ദ്രം, വിഷമതകൾ നേരിടുന്ന സ്ത്രീകളെ സംരക്ഷിക്കുന്ന ഭവനങ്ങൾ, എച്ച്.ഐ.വി.രോഗബാധിതരെ സംരക്ഷിക്കുന്ന ഭവനങ്ങൾ, ക്യാൻസർ രോഗ ബാധിതരെ സംരക്ഷിക്കുന്ന ഭവനങ്ങൾ, പാലിയേറ്റീവ് കെയറുകൾ, ഡീ-അഡിക്ഷൻ സെന്ററുകൾ, ബുദ്ധി വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിലുള്ള സ്ഥാപനങ്ങളാണ് ഉള്ളത്. |
| (ബി) | ബോർഡിന് കീഴിൽ അഗതികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, കാൻസർ രോഗികൾ, എച്ച്.ഐ.വി. ബാധിതരുടെ മക്കൾ എന്നിവർക്കായി പ്രത്യേക ഹോമുകളുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | അഗതികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, ക്യാൻസർ രോഗികൾ, എച്ച്.ഐ.വി. രോഗബാധിതരുടെ മക്കൾ എന്നിവരെ സംരക്ഷിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന പ്രത്യേക ഹോമുകൾ ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം ഹോമുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു. വയോജന സംരക്ഷണ കേന്ദ്രങ്ങൾ-619 മാനസിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-125 ക്യാൻസർ രോഗികളെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-3 എച്ച്.ഐ.വി.രോഗബാധിതരെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ-4 (സ്ഥാപനങ്ങളുടെ അഡ്രസ്സ് sjd.kerala.gov.in ൽ OCB എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.) |
| (സി) | ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ? | (സി) | ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 1. ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഒരു |

| | | | |
|---|---|---|---|
| | | | അന്തേവാസിക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു. 2. സ്ഥാപനങ്ങൾക്ക് അരി, ഗോതമ്പ് തുടങ്ങിയവ റേഷൻ പെർമിറ്റ് മുഖാന്തിരം നൽകിവരുന്നു. 3. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ കുടിവെള്ളം. 4. കുറഞ്ഞ നിരക്കിൽ വൈദ്യുതി. 5. ആരോഗ്യ വകുപ്പ് മെഡിക്കൽ സേവനങ്ങൾ സൗജന്യമായി നൽകുന്നു. 6. പത്താം ക്ലാസ്സ് പാസ്സാകുന്ന എല്ലാ കുട്ടികൾക്കും പ്ലസ് വണിന് സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നു. 7. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്നു. 8. താഴെ പറയുന്ന കോഴ്സുകൾക്ക് അനാഥാലയങ്ങളിലെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. a) കേരളത്തിലെ ഐ.റ്റി.ഐ./ഐ.റ്റി.സി. എന്നിവിടങ്ങളിൽ 5 സീറ്റ് വീതം. b) ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ - ഇലക്ട്രിക്കൽ - മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം. c) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന് - 3% d) ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവണ്മെന്റ് (ഫാർമസി) കോളേജുകളിൽ ഓരോ സീറ്റ് വീതം) e) DMLT(ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം) f) DRT(RT) കോഴ്സിന് ഒരു സീറ്റ് (കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്) g) DOTT(OT) കോഴ്സിന് ഒരു സീറ്റ് (തൃശ്ശൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്) h) DHI(Hi) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, PHTS-ൽ 3 സീറ്റ്, പാലക്കാട് ഗവണ്മെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST) i) ഹയർ സെക്കന്ററിക്കും, വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്കും അർഹതയുള്ള എല്ലാ കുട്ടികൾക്കും. j) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്. 9. പെൺകുട്ടികളുടെ വിവാഹത്തിന് 50,000/- രൂപ ധനസഹായമായി നല്കുന്നു. 10. ക്ഷേമസ്ഥാപനങ്ങളിൽ നിന്ന് പഠിച്ച കുട്ടികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ഉദ്യോഗത്തിനായി ഇന്റർവ്യൂവിന് വിളിക്കുമ്പോൾ ഇവർക്ക് മുൻഗണന ഉണ്ട്. 11. പി.എസ്.സിയിൽ ജോലിക്ക് അപേക്ഷിക്കുന്നതിന് 10 വർഷത്തെ വയസ്സിളവുണ്ട്. |

സെക്ഷൻ ഓഫീസർ